പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2089 12.02.2013-ൽ മറുപടിയ്ക്ക്

## ഗ്രാമീണ കളിസ്ഥലങ്ങൾക്ക് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി സ്പോർട്സ് വകുപ്പ് മുഖേന ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ ഈ സാമ്പത്തിക വർഷം കളിസ്ഥലങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(ബി) സ്പോർട്സ് കൗൺസിൽ മുഖേന പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നന്നാക്കുന്നതിന് അനുമതി നൽകിയവർക്ക് തുക നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) & (ബി) | ഗ്രാമീണ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി പഞ്ചായത്തുകൾക്കും, സ്കൂളുകൾക്കും കളിസ്ഥല നിർമ്മാണ/ നവീകരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി മുമ്പ് ഉണ്ടായിരുന്നു. ഇതിൻകീഴിൽ മുൻ വർഷങ്ങളിൽ ധനസഹായം അനുവദിച്ച സ്ഥാപനങ്ങളിലധികവും കൗൺസിലിൽ നിന്നും ലഭിച്ച ഗ്രാന്റ് യഥാസമയം വിനിയോഗിയ്ക്കാതെ തുക കൈവശം വയ്ക്കുക, ഏത് ആവശ്യത്തിനാണോ ഗ്രാന്റ് അനുവദിച്ചത് അതിന് വിനിയോഗിക്കാതിരിക്കുക, ചെലവിന്റെ കണക്ക്, പ്രോഗ്രസ്സ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ യഥാസമയം ലഭ്യമാക്കാതിരിക്കുക, തുടങ്ങിയ കാരണങ്ങളാൽ പ്രസ്തുത പദ്ധതി നിർത്തി വച്ചിരിക്കുകയാണ്.<br><br>എന്നാൽ ഇപ്രകാരമുള്ള ധനസഹായത്തിന് ഇപ്പോൾ ലഭിയ്ക്കുന്ന അപേക്ഷകൾ സമാഹരിച്ച് പുതുതായി നടപ്പാക്കുന്ന **'SMILE'** എന്ന പദ്ധതിയ്ക്കായുള്ള ഹൈ ലെവൽ കമ്മിറ്റിക്ക് സമർപ്പിച്ച് ടി കമ്മിറ്റി തെരഞ്ഞെടുക്കുന്ന |

പദ്ധതികൾക്ക് ധനസഹായം അനുവദിയ്ക്കുന്നുണ്ട്. ഇപ്രകാരം 2012-13-ൽ ധനസഹായം അനുവദിയ്ക്കുന്നതിന് അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

കൂടാതെ ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതു വഴി കൂടുതൽ കായിക താരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന കേന്ദ്ര സഹായ പദ്ധതിയായ **'പൈക്ക'** എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ പദ്ധതിയും, കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി വഴി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കായിക പരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ നിശ്ചിത നിലവാരത്തിലുള്ള കളിസ്ഥലങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിസ്ഥാന സൗകര്യ നിർമ്മാണത്തിന് ജനസംഖ്യാനുപാതമായി ഗ്രാന്റ് നൽകുന്നുണ്ട്.

എന്നാൽ മുൻ വർഷങ്ങളിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥല നിർമ്മാണ വികസനപ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് ലഭിച്ച 2008-09 വർഷത്തിലെ 30 ഗ്രാമ പഞ്ചായത്തുകളും, 4 ബ്ലോക്ക് പഞ്ചായത്തുകളും, 2009-10 വർഷത്തിലെ 88 ഗ്രാമപഞ്ചായത്തുകളും, 14 ബ്ലോക്ക് പഞ്ചായത്തുകളും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള താല്പര്യക്കുറവു മൂലവും മറ്റ് കാരണങ്ങളാലും അത്

യഥാസമയം തൃപ്തികരമായി വിനിയോഗിയ്ക്കാത്തതിനാലും വിനിയോഗ സർട്ടിഫിക്കറ്റും, അനുബന്ധ രേഖകളും ഹാജരാക്കാത്തതിനാലും തുടർന്ന് അനുവദിയ്ക്കേണ്ട തുക നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്.

2012-13 -ൽ ഈ പദ്ധതി പ്രകാരമുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് വിതരണം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

**2012-13 ൽ കളിസ്ഥല വികസനത്തിനും, നവീകരണത്തിനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ധനസഹായത്തിനായി 'SMILE' പദ്ധതിയ്ക്കായുള്ള ഹൈലവൽ കമ്മിറ്റി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | അനുവദിയ്ക്കുവാൻ തീരുമാനിച്ച തുക |
|---|---|---|
| 1 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 2 | മേഴ്സി കോളേജ് പാലക്കാട് (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 3 | ഗവൺമെന്റ് സ്കൂൾ പരളി, (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 4 | മെഡിക്കൽ കോളേജ് ഹൈസ്കൂൾ, കോട്ടയം (ലോംങ് ജംപ് പിറ്റ്) | 6, 00,000/- രൂപ |
| 5 | ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 6 | ജി.ബി.എച്ച്.എസ്, മഞ്ചേരി (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 7 | എസ്.ജെ.എം. ജെ.എച്ച് എസ്.എസ്, വയനാട് (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 8 | കാൽവരി മൗണ്ട് എച്ച് എസ്.എസ്, കട്ടപ്പന (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 9 | എസ്.എൻ കോളേജ്, ചേർത്തല (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 10 | പോലീസ് ഗ്രൗണ്ട്, കണ്ണൂർ (ലോംങ് ജംപ് പിറ്റ്) | 6,00,000/- രൂപ |
| 11 | റെയിൽവെ ക്വാർട്ടേഴ്സ് പൂജപ്പുര (മൾട്ടി പർപ്പസ് സ്റ്റേഡിയം) | 25,00,000/- രൂപ |
| 12 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, പ്രമാടം, (ഫ്ളോറിംഗ് അപ്ഗ്രഡേഷൻ) | 30,00,000/- രൂപ |
| 13 | ശ്രീപാദം സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം (ഹൈ ജംപ്) | 36,00,000/- രൂപ |

സെക്ഷൻ ഓഫീസർ